ശംബൂകൻ

ശംബൂകാ നീ മരിച്ചു കൊണ്ടിരിക്കുകയാണ്.... ഇപ്പാൾ നിനക്ക് എന്താണ് പറയാനുള്ളത്.....

നിണത്തിൽ പുതഞ്ഞ് കിടക്കുന്ന ശംബുകന്റെ കണ്ണുകൾ മെല്ലെ തുറന്നു, അസഹ്യമായ വേദനയുണ്ടായിട്ടും ആ ചോദ്യത്തിനു മുന്നിൽ കണ്ണുകളെ തുറക്കാതിരിക്കാൻ കഴിയില്ല അയാൾക്ക്. കലമ്പിച്ച, ഇതുപോലെ വൃത്തികെട്ട ശബ്ദത്തിൽ ആർക്കാണ് ചോദിക്കാൻ കഴിയുന്നതെന്ന് അയാൾക്കറിയാം. ആ മുഖമൊന്ന് കാണണമെന്ന് മോഹം തോന്നി. ആ മുഖത്തെ രസങ്ങളെ അറിയണമെന്ന് തോന്നി.

സൂതൻ... ഏതോ ഒരു സൂതൻ.

ബ്രാഹ്മണന്, ക്ഷത്രിയന് പുകഴ്ത്തു പാട്ടുകൾ പാടി നടക്കുന്ന ബുദ്ധി ശൂന്യൻ.....

ഇരുൾ പരന്നു തുടങ്ങിയിരിക്കുന്നു, സൂര്യദേവൻ വൃക്ഷങ്ങൾക്ക് പിറകിൽ ഒളിച്ചിരിക്കുന്നു. അങ്ങിനെയാണ് ദേവതകൾ... ഒരാവശ്യം വരുമ്പോൾ മറഞ്ഞുകളയും.....

ദേവതകൾ മഹാ വിസ്മിത്തങ്ങൾ..... പ്രകൃതിയിലെ എല്ലാ ദേവതകളെയും ആരാധിച്ചിരുന്നതാണ്, എന്നിട്ടോ ഒരു സഹായത്തിന് ആരുമെത്തിയില്ല. എത്തിയ ശക്തരെല്ലാം അയാളുടെ ഭാഗത്തായി നില കൊണ്ടു, രാജന്യന്റെ, ക്ഷത്രിയന്റെ, ബ്രാഹ്മണ സഹായികളുടെ..... ബ്രാഹ്മണന് ക്ഷത്രിയന് വിടു പണി ചെയ്യേണ്ടവനാണ് ശൂദ്രനെന്ന് അവർ തന്നെയാണ് പറയുന്നത്. പ്രകൃതിയിൽ എല്ലാം തുല്യമെന്നാണ് ഗുരുക്കൾ പഠിപ്പിച്ചിട്ടുള്ളത്, പിന്നെ എങ്ങിനെ ശൂദ്രൻ താണവനായി..... അല്ലെങ്കിൽ എന്താണ് ഉയർച്ച താഴ്ചകൾ.....

അവൻ, സൂതൻ, നടന്ന് എല്ലാം കാണുകയാണ്, കഥകൾ മെനഞ്ഞ് അയൽ കൊട്ടാരങ്ങളിൽ ചെന്ന് വർണ്ണിക്കുവാൻ. ക്ഷത്രിയനെ എതിർത്ത, ബ്രാഹ്മണനോട് പൊരുതിയ ശൂദ്രന് കിട്ടിയ കൂലിയെ പെരുപ്പിച്ച് കാണിക്കാൻ.....

ഒറ്റക്ക് പൊരുതാൻ ഭയന്ന് വൻ സൈന്യവുമായിവന്ന് ചുറ്റും നിന്ന് കൂട്ടമായി ആക്രമിച്ച് നശിപ്പിച്ചിരിക്കുന്നു, പടുത്തുയർത്തിയതെല്ലാം. ഒരു ജീവിതകാലം കൊണ്ട് അദ്ധ്വാനിച്ചു നേടിയതെല്ലാം അപഹരിക്കപ്പെട്ടിരുക്കുന്നു.....സഹ പിറപ്പുകളെ അടിമകളാക്കി കൊണ്ടു പോയിരിക്കുന്നു....

എവിടെയാണെന്റെ കഥ തുടങ്ങുന്നത്.... ഇല്ല, ഞാൻ പറയുന്നില്ല. കേട്ടിട്ട് നിങ്ങൾ പുറത്തു പറയുന്ന കഥകൾ, ഞാൻ പറഞ്ഞതു തന്നെ ആകുമെന്ന് എനിക്ക് വിശ്വാസമില്ല..... നിങ്ങൾ പലതിനേയും ഭയക്കുന്നവരാണ്. ആരു ചോദിക്കുന്നുവോ, അവർക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിലേക്ക് മാറ്റുമെന്ന് എനിക്കറിയാം. ഇതിന് മുമ്പു ഉണ്ടായിട്ടുള്ള കഥകളൊക്കെ അങ്ങിനെ മാറ്റിയിട്ടുള്ളതാണ്. അല്ലെങ്കിൽ എവിടെയെങ്കിലും

രേഖപ്പെടുത്തിയിരിക്കുന്ന ഒരു കഥ നിങ്ങൾക്ക് പറയാമോ..... ശൂദ്രന്റെ, നിഷാദന്റെ, അധഃകൃതന്റെ. ഇല്ല.

അയാൾ കാറിയൊന്നു തുപ്പി. തുപ്പൽ വീണത് ഭൂമിയിലല്ല, ശത്രുക്കളുടെ മുഖങ്ങളിലാണ്....

@